(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1720/2016

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ
ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

ഫോൺ-0471-233123

ഇ-മെയിൽ lfadtvm@yahoo.i

തീയതി: 31.10.201

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇലകമൺ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇലകമൺ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)- ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടി കൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായ് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേ ണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ട

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.7/1720/2016 തീയതി: 31.10.2016

## തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ്

13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 23.07.2016മുതൽ 19.09.2016തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 19 നൽകിയതിൽ 19 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.എ.ജമാലുദ്ദീൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.09.16 മുതൽ 30.09.26 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ.മുഹമ്മദ് സലിം.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ശ്യാമപ്രിയ.എസ്.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ.

ശ്രീ.പ്രകാശ് കൃഷ്ണൻ. സീനിയർ ഗ്രേഡ് ഓഡിറ്റർ.

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് അഡ്വ.ബി.ഷാലി. 01-04-2015 മുതൽ 11-11-2015 വരെ

ശ്രീമതി.വി.സുമംഗല 12.11.2015 മുതൽ 31.03.2016 വരെ

സെക്രട്ടറി ശ്രീമതി.ഉഷ.എസ്. 01-04-2015 മുതൽ 31-03-2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ശ്രുതി.സിംഗ്. | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽആഫീസർ (PHC) | ഡോ.അമിത് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽആഫീസർ (ആയുർവ്വേദം) | ഡോ.അനിത.ഒ<br>ഡോ.റൂബി.എച്ച്.എൽ | 01.04.2015 മുതൽ 06.07.2015 വരെ<br>07.07.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽആഫീസർ (ഹോമിയോ) | ഡോ.തൃശ്ശല.എ. | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.സോയ.കെ.എൽ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ശ്രീലേഖ.എൽ.എച്ച്<br>ശ്രീ.സന്തോഷ് കുമാർ.റ്റി.<br>ശ്രീ.സജി.വി.എൻ | 01.04.2015 മുതൽ 21.07.2015 വരെ<br>22.07.2015 മുതൽ 19.08.2015 വരെ<br>22.08.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | ശ്രീമതി.അനീസാറാണി | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ.(1-സർക്കിൾ)<br>വി.ഇ.ഒ.(2-സർക്കിൾ) | ശ്രീ.രതീഷ് ഭദ്രൻ | 01.04.2015 മുതൽ 31.03.2016 വരെ<br>01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സജി.കെ.വി. | 01.04.2015 മുതൽ 31.03.2016 വരെ |
| എച്ച്.എം | ശ്രീ.സജീവ് ദത്ത് | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഷാനിബ.<br>ശ്രീമതി.ഇന്ദു.എസ്.വി. | 01.04.2015 മുതൽ 30.12.2016 വരെ<br>31.12.2015 മുതൽ 27.01.2016 വരെ |
| | ശ്രീമതി.ജയശ്രീ.ഐ | 28.01.2016 മുതൽ 30.12.2016 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബഡ്ജറ്റ് | 1-1 | 5 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | 5 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | 6 |
| 4 | സാമ്പത്തിക വിശകലനം | 1-4 | 6 |
| 5 | ഫണ്ട് വിനിയോഗം | 1-5 | 6 |
| 6 | പദ്ധതി അവലോകനം. | 1-6 | 7 |
| 7 | തനത് വരുമാനം. | 1-7 | 7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 | 7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | 8 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | 8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | 8 |
| | ഭാഗം 2 | | |
| | ഭാഗം 3 | | |
| 12 | അംഗീകൃത പ്രോജക്റ്റിൽ ഉൾപ്പെടാത്ത ചെലവ് -ക്രമവിരുദ്ധം | 3-1 | 9 |

| | | | |
|---|---|---|---|
| 13 | ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ നൽകൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 3-2 | 9 |
| 14 | റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗം സർക്കാർ ഉത്തരവിന്റെ ലംഘനം. | 3-3 | 10 |
| 15 | കുടിവെള്ളവിതരണം-ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കണം. | 3-4 | 10 |
| 16 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് ലഭിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു. | 3-5 | 10 |
| 17 | അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്റ്റ് അപാകതകൾ | 3-6 | 11 |
| 18 | ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക സംഘങ്ങളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിൽ കാലതാമസം | 3-7 | 12 |
| 19 | നിർമ്മാണ പ്രവൃത്തി പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ മാർഗരേഖ ലംഘനം-ആശാസ്യമല്ല. | 3-8 | 12 |
| 20 | രാജീവ് ഗാന്ധിസേവാ കേന്ദ്രത്തിന്റെ ഒന്നാം നില നിർമ്മാണത്തിൽ അപാകത | 3-9 | 13 |
| 21 | പട്ടികജാതി വൃദ്ധർക്ക് പകൽ വീട് നിർമ്മാണം അപാകം ചെലവ് തടസ്സപ്പെടുത്തുന്നു. | 3-10 | 14 |
| 22 | അധിക നിരക്ക് നൽകി തുക നിരാകരിക്കുന്നു. | 3-11 | 16 |
| 23 | പൊതുമരാത്ത് പ്രവൃത്തികൾ – ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിച്ചിട്ടില്ല. | 3- 12 | 16 |
| 24 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3-13 | 17 |
| | ഭാഗം-4 | | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | 17 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | 17 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | 18 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | 18 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | 18 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | 18 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | 18 |

| | | | |
|---|---|---|---|
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | 19 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | 20 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2015-16 വർഷത്തെ ബജറ്റ് 21.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ11,51,49,852 രൂപ വരവും 11,16,24,180രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ് പത്രിക പ്രകാരമുള്ള വരവ് മുന്നിരിപ്പുൾപ്പെടെ 59798968.43/- രൂപയും ചെലവ് 5,34,73,830/- രൂപയുമാണ്.

ബഡ്ജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും, യഥാർത്ഥ വരവ്-ചെലവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. ഭാവിയിൽ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ, ഇപ്രകാരമുള്ള അന്തരം ഒഴിവാക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.06.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | 24.09.2016 | - |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19366794.43 |
| വരവ് | 40432177.00 |
| ആകെ | 59798968.43 |
| ചെലവ് | 53473830.00 |
| നീക്കിയിരിപ്പ് | 6825138.43 |

## 1-5 ഫണ്ട് വിനിയോഗം

| | OB | R | T | Exp | CB |
|---|---|---|---|---|---|
| VPFA II (a) | 3031152 | 4879299 | 7910451 | 7910451 | - |
| (ട്രാൻസ്ഫർ Credit) | | *(4659485) | (4959485) | (4959485) | - |
| II(b) | 2244690 | 6461941 | 8706631 | 8706631 | - |
| II (c) | - | 9000 | 9000 | (*1319340) 9000 | - |
| (ട്രാൻസ്ഫർ Credit) | - | - | - | *9000 | - |
| CFC | 2943307 | 6624978 | 9568285 | 9568285 | - |
| (ട്രാൻസ്ഫർ Credit) | - | - | - | (*381294) | - |
| KLGSDP | 2918319 | 378888 | 3297207 | 3297207 | - |
| ട്രാൻസ്ഫർ Credit | - | - | - | (*381294) | - |

| | | | | | |
|---|---|---|---|---|---|
| Non road | 109834 | 1946929 | 2056763 | 2056763 | - |
| Road | 797186 | 5114844 | 5912030 | 5912030 | - |
| MGNREGS | 1368061 | 9766219 | 11134280 | 11120061 | 14219 |
| B-Fund | - | 30434550 | 30434550 | 30434550 | - |
| Own Fund | 2155608.43 | 5890843 | 7546451.43 | 5888216 | 1658235.43 |
| Relief Fund | 16475 | 809 | 17284 | 4000 | 13284 |
| VPF I | 3702586 | - | 3702586 | 1417387(*2285199) | - |
| Treasury SB | - | 7451614 | 9736813 | 5163263 | 4573550 |
| ട്രാൻസ്ഫർ Credit | (*2285199) | - | - | - | - |

* Transfer Credit വന്ന തുകയാണ് ബ്രാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

* NREGS അക്കൗണ്ടിൽ 12000/-രൂപ വരവിൽ എടുത്തിട്ടില്ല. I – 6 ഷെഡ്യൂളിലെ തുകയും 1-14(a)-ലെ തുകയും പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 108 | 48332019 | 89 | 38132684 | 4 | 15 | 82.4 |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. വാർഷിക പദ്ധതിയുടെ തുകയിൽ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടുകളായി പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്. ഗുണഭോക്തൃലിസ്റ്റിനെ ആശ്രയിച്ചിട്ടുള്ള പദ്ധതികളിൽ യഥാസമയം ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി നൽകാത്തതിനാൽ പദ്ധതികളുടെ നിർവഹണത്തിൽ കാലതാമസം നേരിടുന്നു.

## 1-7 തനത് വരുമാനം.

സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 36.54 ശതമാനം കുറവ് സംഭവിച്ചിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 35,46,870 | 31,12,289 | (-)4,34,581 | (-) 12.25 |
| നികുതിയേതര വരവുകൾ | 67,806 | 76,296 | 8,490 | 12.52 |
| മറ്റുവരവുകൾ | 5,23,944 | 4,01,824 | (-)1,22,120 | (-)23.3 |
| ആകെ | 41,38,620 | 35,90,409 | (-)5,48,211 | (-)13.24 |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. വസ്തു നികുതി ഇനത്തിൽ അവശേഷിക്കുന്ന കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,66,480 | 415 |
| കർഷകതൊഴിലാളി പെൻഷൻ | 1,29,99,000 | 171 |
| വിധവാപെൻഷൻ | 1,07,29,600 | 1247 |
| വാർദ്ധക്യകാലപെൻഷൻ | 1,48,83,270 | 2132 |
| വികലാംഗപെൻഷൻ | 25,62,800 | 290 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 2,90,000 | 11 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 1,30,400 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.16 രാവിലെ 10.30-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 106/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ചെലവ് രേഖകളിലെ ബില്ലുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് നിർമ്മാണ/മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അനുസരിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ചട്ടങ്ങളിലെ ചട്ടം (13) പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്. ടെണ്ടർഫോറം രജിസ്റ്റർ യഥാവിധി എഴുതി വാർഷിക ക്രോഡീകരണം നടത്തി നിർവഹണാധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളിൽ നിർവഹണാധികാരി വാർഷിക അവലോകന റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിയ്ക്ക് നൽകിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടിനൊപ്പം സൂക്ഷിച്ചിട്ടില്ല. മേൽ വിഷയങ്ങളിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.08.16 മുതൽ 30.08.16 വരെ | 1.06.2016 മുതൽ 31.07.16വരെ | 11.07.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.10.05 മുതൽ | 1997-98 മുതൽ | 21.12.2005 |

| | | | |
|---|---|---|---|
| | 08.11.05 വരെ | 2004-05 വരെ | |

## ഭാഗം-2
## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**- -**

ഇല്ല

## ഭാഗം-3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അംഗീകൃത പ്രോജക്ടിൽ ഉൾപ്പെടാത്ത ചെലവ് -ക്രമവിരുദ്ധം

2015-16 സാമ്പത്തിക വർഷം പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിംഗ് എന്ന പ്രോജക്ടിന് 2 ലക്ഷം രൂപ അടങ്കൽ തുകയിൽ (പ്രോജക്ട് നം. 1/15-16) പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിൽ ഗ്രാമസഭാ ചെലവുകൾ, പ്രോജക്ട് രേഖകളുടെ പ്രിന്റിംഗ്, മോണിറ്ററിംഗ് ചെലവുകൾ എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ചെലവു രേഖകൾ പരിശോധിച്ചതിൽ 7550/-രൂപ (വൗച്ചർ നം:48/07, ചെക്ക് നം: 742504) കൃഷി ഓഫീസർക്ക് വിത്തും വളവും ഇറക്കുകൂലിയും 4180/-രൂപ (വൗച്ചർ നം: 159/03 ചെക്ക് നം: 580560) ഫ്രണ്ട് ഓഫീസ് കുടിവെള്ളത്തിനുമായി ചെലവഴിച്ചിട്ടുണ്ട്. സർക്കാർ മാർഗനിർദ്ദേശമനുസരിച്ച് (362/13 ത.സ്വ.ഭ.വ 16.11.13) പ്രോജക്ടിൽ അംഗീകാരം നൽകിയ ചെലവുകൾ മാത്രമേ നിർവഹണോദ്യോഗസ്ഥൻ നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ നിർദ്ദേശത്തിന്റെ ലംഘനമാണ് മേൽ ചെലവുകൾ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 5-ന് തനത് ഫണ്ടിന്റെ അപര്യാപ്തതയാണ് കാരണമായി സൂചിപ്പിച്ചിട്ടുള്ളത്. പ്രോജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട ചെലവുകൾ അതത് പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ചെലവഴിക്കാനും അംഗീകൃത പ്രോജക്ടിലെ ചെലവിന് വ്യതിയാനം ഉണ്ടാവാതിരിക്കാനും ഭരണസമിതിയും നിർവഹണോദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

### 3-2 ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ നൽകൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡി അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ (ഖ:XI എ,ഡി,സി-362/13 ത.സ്വ.ഭ.വ. 16.11.13) പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ നിർവഹണത്തിനായി മുൻകൂർ തുക നൽകാൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മുൻകൂറുകൾ അതത് സ്ഥാപനങ്ങൾ (ജല അതോറിറ്റി, കെ.എസ്.ഇ.ബി.) നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകേണ്ടതും അതിൻ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണെന്നും അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് ജല അതോറിറ്റി, കെ.എസ്.ഇ.ബി.യുമായി കരാർ ചമച്ചതിന് ശേഷം മാത്രമേ മുൻകൂർ തുക നൽകാൻ പാടുള്ളൂവെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. പ്രോജക്റ്റ് നം 21/15-16 പൈപ്പ് ലൈൻ നീട്ടൽ പ്രോജക്റ്റിന് 9,24,309/- രൂപ ജലഅതോറിറ്റിയിൽ മുൻകൂറായി നൽകിയിട്ടുണ്ട്. (ഡി.ഡി.നം.116066/31.08.15) എന്നാൽ പ്രസ്തുത തുകയിൽ 6,18,733/-രൂപ മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. 22.02.16-ലെ ജനറൽ കമ്മിറ്റിയുടെ IV(13)-ാം തീരുമാന പ്രകാരം ബാക്കി നിൽക്കുന്ന തുകയ്ക്ക് കൂടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കുവാൻ വാട്ടർ അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന് എ.എസ് നൽകിയത് 10.04.15-നും എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത് 25.08.15-നുമാണ്. ഇതിൽ നിന്നും ഡെപ്പോസിറ്റ്

വർക്കുകൾക്ക് സർക്കാർ നൽകിയിട്ടുള്ള മേൽ സൂചിപ്പിച്ച വ്യവസ്ഥ പാലിക്കുന്നില്ല എന്ന് വ്യക്തമാണ്. ഈ നടപടി സർക്കാർ നിർദ്ദേശത്തിന്റെ ലംഘനമാണ്. ഭാവിയിൽ മുൻകൂർ തുക നൽകുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗം സർക്കാർ ഉത്തരവിന്റെ ലംഘനം.

റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിന് ജി.ഒ.(എം.എസ്.300/10) ത.സ്വ.ഭ.വ 10.12.10 പ്രകാരം പുതുക്കിയ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത വിഷയത്തിന് (പോസ്റ്റ് മാറ്റിസ്ഥാപിക്കൽ) ഗ്രാമപഞ്ചായത്ത് 31,364/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ചെലവ് മേൽ സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6-ന് തനത് ഫണ്ടിന്റെയും വികസനഫണ്ടിന്റെയും അപര്യാപ്തതയാണ് ഇപ്രകാരം ചെലവുകൾ ചെയ്യാൻ പ്രേരകമായതെന്നാണ്. സർക്കാരിന്റെ നിർദ്ദേശം ഫണ്ട് വിനിയോഗത്തിൽ പാലിക്കുവാൻ ഭരണസമിതിയും നിർവഹണോദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 3-4 കുടിവെള്ളവിതരണം -ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കണം.

സർക്കാർ മാർഗരേഖ 362/13 ത.സ്വ.ഭ.വ. 16.11.13 അനുബന്ധം I(8) പ്രകാരം പൊതുകുടിവെള്ള പദ്ധതികളെക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹികകണക്ഷൻ നൽകുന്ന പദ്ധതിയ്ക്ക് മുൻഗണന നൽകുകയും പൊതുടാപ്പുകൾ നിർത്തൽ ചെയ്യുകയും ചെയ്യണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം ഭരണസമിതിയുടെ 22.02.16-ലെ IV(13)-തീരുമാന പ്രകാരം 8 പൊതുടാപ്പുകൾ കൂടി അനുവദിച്ചു നൽകി. ഇപ്രകാരം 257 പൊതുടാപ്പുകൾക്ക് വെള്ളക്കരം ഈടാക്കി വരുന്നു. പ്രതിവർഷം ടാപ്പൊന്നിന് 5,250/- രൂപ നിരക്കിൽ 13,49,200/-രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ചെലവാക്കുന്നുണ്ട്. സർക്കാർ മാർഗനിർദ്ദേശപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും ജലഅതോറിറ്റിയുടെ വിതരണ സംവിധാനത്തിൽ നിന്നും ഗാർഹികകണക്ഷൻ ലഭ്യമാക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കിയാൽ പൊതുവിതരണടാപ്പുകളുടെ എണ്ണം പരിമിതപ്പെടുത്താനും അതുവഴി തനത് ഫണ്ടിന്റെ അധികബാധ്യത ചെറുക്കാനും ഗ്രാമപഞ്ചായത്തിന് സാധിക്കും ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് ലഭിച്ചിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു.

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് പ്രകാരം (നം S0015/16) 1,00,000/-രൂപ (ബിൽ നം-1/15-16/21.6.16,മെയിന്റനൻസ് ഫണ്ട് റോഡിതരം) കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്.(ഡി.ഡി.നം.119015/27.01.16) 18.4.16ന് പ്രസ്തുത സ്ഥാപനം തുക കൈപ്പറ്റിയ രസീത് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള യാതൊരു നടപടിയും മെഡിക്കൽ ഓഫീസറോ പഞ്ചായത്തധികൃതരോ സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പ്രോജക്റ്റിനായി ചെലവഴിച്ച 1 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 3-6 അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് അപാകതകൾ

*(i) മീഡിയശ്രീ പ്രോജക്ട് -അനുബന്ധരേഖകൾ സി.ഡി. എന്നിവ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു.*

മീഡിയശ്രീ പ്രോജക്ടിൽ (നം S0078/16) കേരളത്തിലെ നിലവിലുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാന പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്.പ്രോജക്റ്റ് പ്രകാരം 65,000/-രൂപ (ബിൽ നം-1/15-16 /21.7.15,വി.ഫ.ജനറൽ) സി.ഡി.എസ്സിന് നൽകിയിട്ടുണ്ട്. (ഡി.ഡി.നം.119015/27.01.16) 25.07.15ന് തുക കൈപ്പറ്റിയ രസീത് ഹാജരാക്കിയിട്ടുണ്ട്. ഡോക്യുമെന്ററി ചിത്രീകരണവുമായി ബന്ധപ്പെട്ട രേഖകൾ, സി.ഡി. എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം:11/22.09.16)യുടെ മറുപടിയിൽ 2015 സെപ്തംബർ മാസം പഞ്ചായത്തിൽ ഡോക്യുമെന്ററി ചിത്രീകരണം നടത്തിയതായും, സി.ഡി.അടിയന്തിരമായി ലഭ്യമാക്കണമെന്ന് പദ്ധതിയുടെ ചുമതലയുള്ള സൗത്ത് ഏഷ്യൻ കോളേജ് അധികാരികളേയും കുടുംബശ്രീ ജില്ലാ മിഷനെയും അറിയിച്ചിട്ടുണ്ടെന്നും, സി.ഡി.യും അനുബന്ധരേഖകളും ലഭിച്ചാലുടൻ വിവരം അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

രേഖകൾ, സി.ഡി എന്നിവയുടെ അഭാവത്തിൽ ചെലവ് തുക 65,000/-രൂപ തടസ്സപ്പെടുത്തുന്നു.

*(ii) ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യ വിതരണത്തിനായി വികസനഫണ്ടുപയോഗിച്ചു.*

അഗതി കുടുംബങ്ങൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായി 1,00,800/-രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് (ബിൽ നം: 5/15-16) ആശ്രയ ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്.)362/13 ത.സ്വ.ഭ.വ. തീയതി 16.11.13 പ്രകാരം അഗതി കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണം.ഭക്ഷ്യധാന്യത്തിന്റെ വില പഞ്ചായത്തിന് നൽകുന്ന കുടുംബശ്രീ അഗതി പുനരധിവാസഫണ്ടിൽ നിന്നും കുടുംബങ്ങളുടെ റേഷൻകാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതു വിതരണ കേന്ദ്രത്തിൽ നേരിട്ട് ഒടുക്കേണ്ടതാണ്.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും ചെലവ് ചെയ്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം:11/22.09.16)യുടെ മറുപടിയിൽ 2015-16-ൽ പോഷകാഹാരം വിതരണത്തിന് മതിയായ ചലഞ്ച് ഫണ്ട് ജില്ലാ വിഹിതത്തിൽ നിന്നും ലഭിക്കാത്തതിനാലാണ് ഇപ്രകാരം ചെയ്തതെന്ന് പരാമർശിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

*(iii) പണി പൂർത്തീകരിച്ചിട്ടില്ല.*

വീട് അറ്റകുറ്റപ്പണി എസ്.സി.പി, പ്രോജക്ടിൽ (നം:s0082/16,അടങ്കൽ തുക 7,00,000/- രൂപ, ചെലവ് തുക: 6,10,500/-രൂപ, വി.ഫ.എസ്.സി.പി.) ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എസ്.സി. വിഭാഗത്തിൽപെട്ട 28 ഗുണഭോക്താക്കൾക്ക് 25,000/-രൂപ വീതം ഭവനപുനരുദ്ധാരണത്തിന് നൽകാനാണ് വിഭാവനം ചെയ്തിരുന്നത്. 25 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഒന്നാം ഗഡു തുക കൈപ്പറ്റിയ ശ്രീമതി.അനിത, പുതുവൽ പാണിൽ പുത്തൻവീട്, ഊന്നിൻമൂട് ഇലകമൺ (ഡി.ഡി നം-16/25.02.16,ഡി.ഡി.നം:120022/25.02.16) എന്ന ഗുണഭോക്താവ് നാളിതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി (നം:11/22.09.16)യുടെ മറുപടിയിൽ അഡ്വാൻസായി വാങ്ങിയ തുക ഉപയോഗിച്ച് വീട് പണി

ഭാഗികമായി ചെയ്തിട്ടുണ്ടെന്നും 2016 ഒക്ടോബർ മാസത്തിനകം പണി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക സംഘങ്ങളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിൽ കാലതാമസം

കൃഷി ഓഫീസർ നിർവഹണം നടത്തിയ ജൈവപച്ചക്കറി കൃഷി പ്രോജക്ട് (നം :10815/16) നിർവഹണത്തിനായി 31.03.16 ന് ട്രഷറിയിൽ നിന്ന് പിൻവലിച്ച 1,15,200/-രൂപ (ബിൽ നം-5/15-16/,ധനകാര്യകമ്മിഷൻ അവാർഡ്) വിവിധ സംഘങ്ങളുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തത് 14.06.16-നാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം13/23.09.16 )മറുപടിയിൽ മാർച്ച് 31-ന് ട്രഷറിയിൽ നിന്നും ലഭിച്ച പി.ഒ.സി. ഡി.ഡി.ആക്കുന്നതിനായി എസ്.ബി.റ്റി.യിൽ നൽകിയെന്നും എന്നാൽ 13.04.16 -നാണ് ഡി.ഡി.ലഭിച്ചതെന്നും തുക കൃഷി ഓഫീസറുടെ പേർക്ക് അക്കൗണ്ടുള്ള സർവീസ് സഹകരണ ബാങ്ക് മുഖാന്തിരം മാറി ഗ്രൂപ്പിന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രൂപ്പുകൾക്ക് ബാങ്ക് അക്കൗണ്ട് ലഭിക്കുവാൻ ഉണ്ടായകാലതാമസം കാരണമാണ് ഗ്രൂപ്പിന്റെ അക്കൗണ്ടിലേയ്ക്ക് നൽകാൻ വൈകിയത്. ഗ്രൂപ്പുകൾക്ക് ബാങ്ക് അക്കൗണ്ട് ഉണ്ടെന്നുറപ്പാക്കേണ്ടത് നിർവഹണോദ്യോഗസ്ഥന്റെ ചുമതലയാണ്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാവാതിരിയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-8 നിർമ്മാണ പ്രവൃത്തി പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ മാർഗരേഖ ലംഘനം-ആശാസ്യമല്ല.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ ജി.ഒ.(എം.എസ്) 362/13 ത.സ്വ.ഭ.വ. 16.11.13 (ഖ: XIV ബി&സി) പ്രകാരം എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും വിശദമായ എസ്റ്റിമേറ്റ്, സൈറ്റ്പ്ലാൻ, ഡ്രോയിംഗ്സ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവയും പ്രോജക്ടിനോടൊപ്പം ഉണ്ടായിരിക്കണമെന്നും കെട്ടിട നിർമ്മാണ പ്രോജക്ടുകളാണെങ്കിൽ ആ കെട്ടിടം ഉപയോഗിക്കാനായി എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തണമെന്നും ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്ക് ലംപ്സമായി തുക വകയിരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം പൂർത്തിയാക്കിയ രാജീവ്ഗാന്ധി സേവാകേന്ദ്രം ഒന്നാം നില നിർമ്മാണം പ്രവൃത്തിയിലും വൃദ്ധർക്ക് പകൽവീട് എന്ന നിർമ്മാണപ്രവൃത്തിയിലും മേൽ നടപടി പാലിച്ചിട്ടില്ല. പദ്ധതി വിഹിതത്തിൽ നിന്നും ഗ്രാമപഞ്ചായത്ത് ഭരണസമിതി അനുവദിച്ച നൽകിയ തുകയ്ക്ക് അനുസൃതമായി കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ പാടില്ലെന്ന് മാർഗരേഖ നിർദ്ദേശിക്കുന്നു. മാർഗരേഖയ്ക്ക് വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പിലാക്കിയ നിർവഹണോദ്യോഗസ്ഥയുടെയും ഭരണസമിതിയുടെയും നടപടി നിയമപരമല്ല.

വാർഷിക പദ്ധതിയുടെ തുകയിൽ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടുകളായി പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്. ഭാവിയിൽ ഈ വിഷയത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുവാൻ ഭരണസമിതിയും നിർവഹണോദ്യോഗസ്ഥയും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 രാജീവ് ഗാന്ധിസേവാ കേന്ദ്രത്തിന്റെ ഒന്നാം നില നിർമ്മാണത്തിൽ അപാകത

പ്രോജക്ട് നം : SO 109/15-16

ഭരണാനുമതി നം./തീയതി : 2(1)/19.01.15

സാങ്കേതികാനുമതി നം./തീയതി : 27/AEE/VB/ELK/1D/15-16-30.03.15

അടങ്കൽ തുക : 12 ലക്ഷം

ചെലവ് തുക : 1139161

എം.ബുക്ക് നം : 16/15-16, വാല്യം-1,2

ബിൽ നം./തീയതി : 04/A.E./L.S.G.D/E.L.K/25.09.15

കൺവീനർ : ശ്രീ.നസീർ

പഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി നിലവിൽ രാജീവ് ഗാന്ധിസേവാ കേന്ദ്രം കെട്ടിടത്തിന്റെ മുകളിൽ ഒന്നാം നില നിർമ്മിക്കുന്നതിനാണ് പ്രോജക്ട്. പ്രസ്തുത പ്രോജക്ടിന് മേൽ സൂചിപ്പിച്ച പ്രകാരം അംഗീകാരം നേടിയിട്ടുണ്ട്. 2012-ലെ SOR നിരക്കിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ മുപ്പത് ഇനം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിൽ നിർവഹണ ഉദ്യോഗസ്ഥയുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകിയതായും എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷനിൽ വ്യത്യാസം വരുത്തിയതായും കണ്ടെത്തി.ഈ വിവരം ഓഡിറ്റ് എൻക്വയറി മുഖാന്തിരം (നം:16) നിർവഹണോദ്യോഗസ്ഥയെ അറിയിച്ചു. അപ്രകാരം ഉണ്ടായ നഷ്ടം കൺവീനറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാമെന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. നഷ്ട വിവരം ചുവടെ ചേർക്കുന്നു.

*(എ) <u>സ്ഥാപിക്കാത്ത വാഷ്ബേസിന് വില നൽകി</u>*

എസ്റ്റിമേറ്റ് ക്രം നം:17 -ാം ഇനം പ്രവൃത്തി Supplying & Fixing 500 x 400 mm nearest size wash hand basin light coloured etc complete one No @2562/E ആണ്. എന്നാൽ പ്രസ്തുത ഇനം നിർവഹിച്ചിട്ടില്ല. എം.ബുക്ക് നം:16/15-16, page no:23 (Volume II) പ്രകാരം വില കൺവീനർക്ക് നൽകിയിട്ടുണ്ട്. അപ്രകാരം അധികം നൽകിയ 2562/-രൂപ കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്.

*(ബി) <u>എം.ബുക്കിൽ രേഖപ്പെടുത്തിയ അളവ് പൈപ്പ് ഉപയോഗിച്ചിട്ടില്ല.</u>*

എസ്റ്റിമേറ്റ് ക്രമ നം :21-പ്രകാരം 110 mmന്റെ P.V.C pipe 10m വാങ്ങി ഫിറ്റുചെയ്യുന്നതിന് ഒരു മീറ്ററിന് 294/- രൂപ നിരക്കിൽ 2940/-രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ 4mപൈപ്പ് മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ.എന്നാൽ എം.ബുക്ക് നം 16/15-16 page no 28 vol 2- ൽ (10m@294/m) 2940/- രൂപ നൽകിയിട്ടുണ്ട്. ഉപയോഗിക്കാത്ത പൈപ്പിന്റെ വിലയായ 1764/- രൂപ (6mx294/m) കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്.

*(സി) <u>എസ്റ്റിമേറ്റ് സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി പ്രവൃത്തി ചെയ്തു</u>*

എസ്റ്റിമേറ്റ് ക്രമ നം 27 Roofing with aluminium powder coated trafold profile sheet with C.I.bolts &nuts & bitumin washes including necessary overlap of 180mm at ends complete. (20m$^2$@7945/10 m$^2$) എന്ന പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ Roofing with G.I.corrugated sheets 0.63mmthick with C.I. bolts &nuts&bitumen washers including necessary overlaps of 150mm at ends completeപ്രകാരമുള്ള ഷീറ്റാണ് സ്ഥാപിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തിയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തിയ്ക്ക് SOR 2012 (455a) പ്രകാരം 5087/10m$^2$ നിരക്കാണ് അനുവദനീയം. ഇപ്രകാരം അധികം നൽകിയ തുക ചുവടെ ചേർക്കുന്നു.

അനുവദിച്ച തുക = $20m^2$@7945/$10m^2$ = 15890/-

അനുവദനീയമായ തുക = $20m^2$@5087/$10m^2$ = 10174/-

അധികം നൽകിയത് = 15890 – 10174 = 5716/-

അധികം നൽകിയ തുക കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 പട്ടികജാതി വൃദ്ധർക്ക് പകൽ വീട് നിർമ്മാണം അപാകം ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം : 38/15-16

ഭരണാനുമതി നം./തീയതി : 2(1) /10.04.15

സാങ്കേതികാനുമതി നം./തീയതി : 250/AEE/VB/ELK/1D/15-16-27.06.15

അടങ്കൽ തുക : 10 ലക്ഷം

ചെലവ് തുക : 9,97,208/-

എം.ബുക്ക് നം. : 101/15-16, വാല്യം-1,2

ബിൽ നം./തീയതി : 24/A.E./L.S.G.D/E.L.K/23.03.16

കരാറുകാരൻ : ശ്രീ.ഷെനു,കൈരളി.ചേന്നൻകോട്.

ഗ്രാമപഞ്ചായത്തിലെ XIV-ാംവാർഡിൽ എസ്.സി.വിഭാഗത്തിൽപ്പെട്ട പ്രായാധിക്യമുള്ള ആളുകൾക്ക് പകൽ സമയ വിശ്രമം ലക്ഷ്യമിട്ട് നടപ്പിലാക്കിയ പ്രോജക്ടാണിത്. 2014-ലെ D.S.R rate-ൽ 28 ഇനം പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത നിർമ്മാണ പ്രവൃത്തി നിർവഹണോദ്യോഗസ്ഥയുടെ സാനിധ്യത്തിൽ നടത്തിയ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രവൃത്തികൾ നിർവഹിക്കാതെയും D.S.R സ്പെസിഫിക്കേഷനിൽ കുറവ് വരുത്തി പ്രവൃത്തി നിർവഹിച്ചതായും കണ്ടെത്തി. വിശദ വിവരം ചുവടെ ചേർക്കുന്നു.

(a) എസ്റ്റിമേറ്റ് ക്രമ നമ്പർ 11 പ്രകാരം 5 വാതിലുകൾക്ക് ഷട്ടറിംഗ് ജോലിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥല പരിശോധനയിൽ 2 വാതിലുകൾക്കാണ് പ്രസ്തുത പ്രവൃത്തി ചെയ്തിട്ടുള്ളത്. അപ്രകാരം പഞ്ചായത്തിന് 10,645/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

M-book no.101/15-16

Page no.60&93 ൽ രേഖപ്പെടുത്തിയതു പ്രകാരം നൽകിയിട്ടുള്ള മൂല്യം

5 x 0.74 x 2 = 7.40 $m^2$ @ 2397.47 = 17741/-

2 വാതിലുകൾക്ക് ഷട്ടറിംഗ് വർക്കിന് നൽകേണ്ട വേല മൂല്യം

2 x 0.74 x 2 = 2.96 $m^2$ @ 2397.47 = 7096/-

അധികം നൽകിയത്

17741 – 7096 = 10645/-രൂപ

(b) sunshade plastering പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

എസ്റ്റിമേറ്റ് പതിമൂന്നാം ഇനം പ്രവൃത്തി, 1:4 അനുപാതത്തിൽ, 12mm കനത്തിൽ സിമന്റ് പ്ലാസ്റ്റർ ചെയ്യുന്നതിനാണ്. M-book page no.94&(47,48) പ്രകാരം കെട്ടിടത്തിന്റെ പുറംഭാഗം മുഴവനും പ്ലാസ്റ്റർ ചെയ്യുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. (375.10 $m^2$@246.14/$m^2$ = 92327.11).എന്നാൽ സ്ഥല പരിശോധനയിൽ സൺഷെയിഡിന്റെ ടോപ്പ് (17.25 x 60cm=10.35m2)area plaster ചെയ്തിട്ടില്ലായെന്ന് കണ്ടു.

ഇനത്തിൽ നഷ്ടം (10.35 x 246.14) 2547.5 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(c) Parapet wall plastering പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

Parapet wall 5m x 45cm area യിൽ സിമെന്റ് പ്ലാസ്റ്ററിംഗ് പ്രവൃത്തി നടത്തിയിട്ടില്ല. ഈ ഇനത്തിനും മേൽ സൂചിപ്പിച്ച പ്രകാരം മുഴുവൻ തുകയും നൽകിയിട്ടുണ്ട്.ഇപ്രകാരം നഷ്ടം 5m x 0.45 x 246.14 = 553.80 രൂപ

(d)പെയിന്റിംഗ് ജോലികൾ-DSR Specification പാലിച്ചിട്ടില്ല.

DSR Specification 13.47.1 പ്രകാരം exterior primer coat-ഉം DSR Specification 13.41.1 പ്രകാരം distember with oil bound washable of approved brait two coat-ഉം ഉൾപ്പെടെ നൽകിയിട്ടുള്ള പെയിന്റിംഗ് ജോലികൾ DSR specification പ്രകാരം കരാറുകാരൻ നിർവഹിച്ചിട്ടില്ല.

(e) ജോലികൾ-DSR Specification പാലിച്ചിട്ടില്ല.

DSR Cde 11.37 പ്രകാരം Floor tile 300 x 300 mm first quality (IS 15622) ആണ് ഉപയോഗിക്കേണ്ടിയിരുന്നത്. എന്നാൽ അളവിലും ഗുണനിലവാരത്തിലും കുറഞ്ഞFloor tile ആണ് ഉപയോഗിച്ചിട്ടുള്ളത്. കൂടാതെ ഫിറ്റ് ചെയ്തിട്ടുള്ള വാഷ്ബെയ്സിൻ,ക്ളോസറ്റ് ഇവയൊന്നും DSR Specification പാലിച്ചിട്ടില്ല.

മേൽ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.15) മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ചെലവഴിച്ച 9,97,208/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതിൽ വീഴ്ച വരുത്തിയാൽ നഷ്ടം നിർവഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയാകുന്നതാണ്.

## 3-11 അധിക നിരക്ക് നൽകി തുക നിരാകരിക്കുന്നു.

പ്രോജക്റ്റ് നം. : 26/15-16

ഭരണാനുമതി നം./തീയതി : 2(1) /10.04.15

സാങ്കേതികാനുമതി നം./തീയതി : 34/AEE/VB/ELK/1D/15-16-11.06.15

അടങ്കൽ തുക : 7 ലക്ഷം

ചെലവ് തുക : 562631/-

എം.ബുക്ക് നം. : 89/15-16,

ബിൽ നം./തീയതി : 35/A.E./L.S.G.D/E.L.K/28.03.16

കരാറുകാരൻ : ശ്രീ.ശ്യാമപ്രസാദ്

2015-16 സാമ്പത്തിക വർഷത്തിൽ ചാമനടി റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഡി.എസ്.ആർ കോഡ് 16.32.2 -with pavying asphalt grade VG/30 no solvent എന്ന ഇനം പ്രവൃത്തി ഉൾപ്പെടുത്തിയാണ് എ.എസും, റ്റി.എസും വാങ്ങിയത്. ഈ പ്രവൃത്തിയുടെ അനുവദനീയമായ നിരക്ക് 220.37/$m^2$ആണ്. എന്നാൽ എം.ബുക്ക് പേജ് നം 29-ൽ 16:32:2 എന്ന സ്പെസിഫിക്കേഷനിൽ 185632.50 രൂപ (750$m^2$ x 247.51/$m^2$) നൽകിയിട്ടുണ്ട്. D.S.R 2014 (rate as per cost index T.V.P.M) അംഗീകൃത നിരക്ക് പ്രകാരം 165277.50 രൂപ (750 x 220.37/$m^2$) യാണ് അനുവദനീയമായിട്ടുള്ളത്. ഇപ്രകാരം 20355/-രൂപ (185632.50 – 165277.50) കരാറുകാരന് അധികം നൽകിയിട്ടുണ്ട്. പ്രസ്തുത തുക കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം(12)ന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ വന്ന വീഴ്ചയാണെന്നും 16.32.1 എന്ന ഡി.എസ്.ആർ കോഡ് പ്രകാരമുള്ള പ്രവൃത്തിയാണ് നിർവഹിച്ചതെന്നും അപ്രകാരമുള്ള നിരക്കാണ് നൽകിയതെന്നും അറിയിച്ചു. മറുപടി അംഗീകരിക്കുന്നില്ല. എസ്റ്റിമേറ്റ് തയ്യാറാക്കി എ.എസും, റ്റി.എസും ലഭിച്ച ശേഷം എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്താൻ സ്വീകരിക്കേണ്ട നിയമപരമായ നടപടി നിർവഹണോദ്യോഗസ്ഥ സ്വീകരിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ അധികം നൽകിയ തുക നിരാകരിക്കുന്നു.

## 3-12 പൊതുമരാത്ത് പ്രവൃത്തികൾ -ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിച്ചിട്ടില്ല.

കേരള സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം പൊതുമരാത്ത് പ്രവൃത്തികളുടെ നടത്തിപ്പിന് ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

എ) പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത ഒരു സഹകരണ ബാങ്കിൽ ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ ആരംഭിച്ച സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താൻ പാടുള്ളൂ.

ബി) പ്രവൃത്തിക്ക് വേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, വേതന നിരക്ക്, ഹാജർ മുതലായവ അതാത് ദിവസം കൃത്യമായി രേഖപ്പെടുത്തുന്ന മസ്റ്റർ റോൾ ഒരാഴ്ചത്തേക്ക് ഒന്ന് എന്ന കണക്കിൽ സൂക്ഷിക്കേണ്ടതും ആഴ്ചയുടെ അവസാന ദിവസം തൊഴിലാളികളുടെ ഒപ്പും തീയതിയും വച്ച് വേതനം നൽകേണ്ടതുമാണ്. മസ്റ്റർ റോളിന്റെ അവസാന ഭാഗത്ത് ചെയർമാനും കൺവീനറും തീയതി വച്ച് ഒപ്പിടണം

സി) പ്രവൃത്തിക്ക് ആവശ്യമായ എല്ലാ നിർമ്മാണ സാധനങ്ങളും ന്യായവും സ്വീകാര്യവുമായ കൺവീനർ വരവ് ചെലവ് കണക്ക് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടി വേണം നിർവ്വഹണോദ്യോഗസ്ഥന് സമർപ്പിക്കേണ്ടത്. പ്രസ്തുത കണക്കിന്റെ അടിസ്ഥാനത്തിൽ വേണം പ്രവൃത്തിയുടെ മൂല്യംകണക്കാക്കേണ്ടത്

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ആസൂത്രണ വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-13 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

2015-16 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 186 പ്രവൃത്തികൾ അംഗീകരിച്ചതിൽ 131എണ്ണം നടപ്പിലാക്കി. ഹരിഹരപുരം,കിഴക്കേപുറം, വേങ്കോട് എന്നീ ഏലായിലെ തരിശ് നിലം കൃഷിയോഗ്യമാക്കൽ, ഐ.എ.വൈ, ബി.പി.എൽ, എസ്.സി/എസ്.റ്റി സ്ത്രീകൾ, ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങൾ എന്നിവരുടെ ഭൂമിയിൽ ഭൂവികസന പ്രവൃത്തികൾ, നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ തുടങ്ങിയവയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. 2015-16 ൽ രാജീവ് ഗാന്ധിസേവാ കേന്ദ്രത്തിന്റെ സിവിൽ വർക്ക് പൂർത്തിയാക്കി. നാളിതുവരെ 3824 പേർക്ക് തൊഴിൽകാർഡ് വിതരണം ചെയ്തിട്ടുണ്ട്. 2015-16 വർഷം 13 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. പ്രോജക്റ്റ് ഫയലിനോടൊപ്പം സോഷ്യൽ ഓഡിറ്റ് മിനിട്ട്സ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി വയ്ക്കൽ | 50/8, 100/8, 73/9, 73/10 | 1,00,000/- | 1,00,000/- | ഇല്ല |
| കെ.ഡബ്ല്യു.എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 12/15-16, 01/9 | 9,24,309/- | 9,24,309/- | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2013-14 | 3(7) | 540/- | ശ്രീമതി.ശ്രീലേഖ.എൽ.എച്ച്. അസിസ്റ്റന്റ് സെക്രട്ടറി. | 116021009 തീയതി.28.06.16 |
| 2013-14 | 3(7) | 540/- | ശ്രീ.സന്തോഷ്.പി. സീനിയർ ക്ലാർക്ക് | 11602101043 തീയതി.44.07.16 |
| 2013-14 | 3(7) | 540/- | ശ്രീ.അജിത്ത് കുമാർ ക്ലാർക്ക് | 11602101106 തീയതി.11.07.16 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-1 | 2006-07 | 3-1-2 | തെറ്റിവിള-കരിയറത്തല കുളക്കോട്ടുകോണം ലിങ്ക് റോഡ് അധിക നിരക്ക് നഷ്ടം 13177/-രൂപ | സർചാർജ് നടപടി തുടരുന്നു |
| 2003-04 | 3-4 | 2006-07 | 3-1-2 | ആറാട്ടുകടവ്-കോളനി റോഡ് സൈഡ് വാൾ നിർമ്മാണം അധിക നിരക്ക് നഷ്ടം 3412/-രൂപ | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2003-04 | 3-2 | 2006-07 | 3-1-3 | മാത്തൂർക്കോണം ചാനൽക്കര റോഡ് നഷ്ടം 4000/-രൂപ | തുക തിരിച്ചടച്ചു ചെലാൻ നം.130 തീയതി, 24.03.2009 |

| | | | | | |
|---|---|---|---|---|---|
| 2003-04 | 3-3 | 2006-07 | 3-1-3 | എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം നഷ്ടം 72,000/-രൂപ | തുക തിരിച്ചടച്ച ചെലാൻ നം:92 തീയതി: 27.05.2014 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67199894/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68440291/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30397/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1162208/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | | 10,042/- | ശ്രീമതി.ശ്രുതി.സിംഗ് എ.ഇ |
| 3-11 | | 20,355/- | ശ്രീമതി.ശ്രുതി.സിംഗ് എ.ഇ |
| ആകെ | | 30,397/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1,00,000/- | ശ്രീമതി.തൃശ്ശല, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 3-6(1) | 65,000/- | ശ്രീ.സജി.വി.എൻ, അസി.സെക്രട്ടറി. |
| 3-10 | 9,97,208/- | ശ്രീമതി.ശ്രുതി സിംഗ്, എ.ഇ |
| ആകെ | 11,62,208/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശ്രുതി സിംഗ് | അസിസ്റ്റൻറ് എഞ്ചിനീയർ, ഇലകമൺ ഗ്രാമപഞ്ചായത്ത് | ചിന്നു വിഹാർ, കൊട്ടിയം.പി.ഒ,കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | K.S.A.T.V.M/GP7/1230/2015 Dated.23.09.15 | 2 | |
| 1999-2000 | K.S.A.T.V.M/GP7/1230/2015 Dated. 23.09.15 | 3 | |
| 2001-02 | K.S.A.T.V.M/GP7/1230/2015 Dated. 23.09.15 | 1 | |
| 2003-04 | K.S.A.T.V.M/GP7/1230/2015 Dated. 23.09.15 | 4 | |
| 2004-05 | K.S.A.T.V.M/GP7/1230/2015 Dated. 23.09.15 | 8 | |
| 2005-06 | K.S.A.T.V.M/GP7/1230/2015 Dated. 23.09.15 | 6 | |
| 2006-07 | K.S.A.T.V.M/GP7/1222/2008 Dated. 23.06.14 | 6 | |
| 2007-08 | K.S.A.T.V.M/GP7/1219/2009 Dated. 23.06.14 | 11 | |
| 2008-09 | K.S.AT.V.M/GP7/2742/2011 Dated. 23.06.14 | 3 | |
| 2009-10 | K.S.AT.V.M/GP7/2243/2011 Dated. 23.06.14 | 4 | |
| 2010-11 | K.S.AT.V.M/GP7/998/2013 Dated. 06.07.13 | 12 | |
| 2011-12 | K.S.AT.V.M/GP7/1359/2013 Dated. 17.09.14 | 7 | |
| 2012-13 | K.S.AT.V.M/GP7/227/2014Dated. 08.07.14 | 7 | |
| 2013-14 | K.S.AT.V.M/GP7/57/2016 Dated. 14.01.16 | 14 | |
| 2014-15 | K.S.AT.V.M/GP7/1380/2016 Dated. 03.08.16 | 9 | |

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം -1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2015–16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇലകമൺ

ഗ്രാമപഞ്ചായത്തിന്റെ 2015-16 -ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം

ന്യൂനതകളുടെസംഗ്രഹം

1. ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.
2. 3500/-രൂപയുടെ Stale ചെക്കിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.
3. NREGS A/C I-16 ഷെഡ്യൂളിലെ തുകയും I -14 (a) –ലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.